(ഇ) ഭാരതപ്പുഴ, പെരിയാർ, ചാലിയാർ, പമ്പ, കല്ലട, വാമനപുരം, ചന്ദ്രഗിരി, കരമന, മീനച്ചൽ എന്നീ ഒമ്പത് നദികളിലാണ് മണലൂറ്റ് നിയന്ത്രിച്ചിരിക്കുന്നത്. കൂടാതെ ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് കോട്ടപ്പുഴ അഴിമുഖത്തുനിന്നും മണൽ നീക്കം ചെയ്യുന്നത് നിയന്ത്രിച്ചിട്ടുണ്ട്. പുതുതായി മറ്റ് നദികളിൽ മണലൂറ്റ് നിയന്ത്രിച്ചിട്ടില്ല.

(എഫ്) നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

218 (284) റീസർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന റീ സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റീസർവേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) റീസർവേ പൂർത്തിയാക്കാത്തതിനാൽ വർഷങ്ങളായി ഭൂമി ഉടമകൾക്ക് പട്ടയം ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് റീസർവേ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഇ) റീസർവ്വേ നടപടി കുറ്റമറ്റതാക്കി നടത്താൻ സർവ്വേ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേക നിർദ്ദേശം നൽകുമോ; ഈ രംഗത്തുള്ള ക്രമക്കേടുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(എഫ്) റീസർവ്വേ നടപടി പൂർത്തിയായ സ്ഥലങ്ങളിൽ വ്യാപകമായ പരാതി ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) റീസർവ്വേ സംബന്ധിച്ച പരാതികൾക്ക് തീർപ്പു കൽപ്പിക്കുന്നതിന് അദാലത്തുകൾ നടത്താൻ നടപടി സ്വീകരിക്കുമോ;

(എച്ച്) സംസ്ഥാനത്ത് റീസർവ്വേ നടപടി ഏതൊക്കെ ജില്ലകളിൽ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഐ) ഓരോ ജില്ലയിലും റീസർവ്വേ പൂർത്തിയാക്കുന്നതിന് സമയബന്ധിത പരിപാടി തയ്യാറാക്കുമോ;

(ജെ) റീസർവ്വേ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ ഭൂമി ഉടമകൾക്ക് അടിയന്തിരമായി പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ;

(കെ) റീസർവ്വേ സംബന്ധിച്ചുള്ള പരാതികൾ കേൾക്കുന്നതിന് ഇപ്പോൾ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 652 വില്ലേജുകളിൽ റീസർവ്വെ സംബന്ധമായ എല്ലാ പ്രവർത്തനങ്ങളും പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കൈമാറിയിട്ടുണ്ട്. ഒരു വില്ലേജിന്റെ റിക്കാർഡുകൂടി റവന്യൂ ഭരണത്തിന് കൈമാറുവാൻ തയ്യാറായി വരുന്നുണ്ട്. കൂടാതെ 74 വില്ലേജുകളിൽ കൂടി റീസർവ്വെ ഓഫീസ് ഫീൽഡ് ജോലികൾ പൂർത്തിയാക്കിയത് ഇനിയും ഫൈനൽ ചെയ്ത് റവന്യൂ ഭരണത്തിന് കൈമാറുവാൻ ബാക്കിയുണ്ട്. ഇതിന് പുറമേ 63 വില്ലേജുകളിൽ റീസർവ്വെ ഫീൽഡ് ജോലികൾ മാത്രം പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ റീസർവ്വേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് ഇലക്ട്രോണിക് സർവ്വേ ഉപകരണങ്ങൾ, കമ്പ്യൂട്ടറുകൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) കണക്കാക്കിയിട്ടില്ല.

(ഇ) റീസർവ്വേ നടപടികൾ കുറ്റമറ്റതാക്കി നടത്താൻ സർവ്വേ ഉദ്യോഗസ്ഥന്മാർക്ക് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ രംഗത്തെ ക്രമക്കേടുകൾ തടയുന്നതിന് വസ്തു ഉടമസ്ഥന്മാർക്ക് നോട്ടീസ് നൽകി സർവ്വേ നടത്തണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) അദാലത്തുകൾ നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) ഒരു ജില്ലയിലും പൂർത്തിയായിട്ടില്ല.

(ഐ) റീസർവ്വേ ഇലക്ട്രോണിക് സർവ്വേ ഉപകരണങ്ങൾ മാത്രം ഉപയോഗിച്ച് നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിലേക്കാവശ്യമായ ഉപകരണങ്ങൾ ഘട്ടംഘട്ടമായി വാങ്ങാൻ നടപടികൾ നടന്നുവരുന്നു. എല്ലാ ജില്ലകളിലും ഇലക്ട്രോണിക് ഉപകരണങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ റീസർവ്വേ പൂർത്തിയാക്കുന്നത് സംബന്ധിച്ച് സമയബന്ധിത പരിപാടി തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(ജെ) റീസർവ്വേ നടപടികൾ നടന്നിട്ടില്ലാത്തത് പട്ടയം നൽകുന്നതിന് തടസ്സമല്ല.

(കെ) റീസർവ്വേ ഫീൽഡ് ജോലി നടക്കുമ്പോഴുള്ള പരാതികൾ ഹെഡ് സർവ്വേയർമാർ അപ്പോഴപ്പോൾ തീർപ്പുകൽപ്പിക്കുന്നതിനും, റീസർവ്വേ ഫീൽഡ് ജോലി പൂർത്തിയായശേഷം ആക്ഷേപം ക്ഷണിക്കുമ്പോൾ ലഭിക്കുന്ന പരാതികൾ ബന്ധപ്പെട്ട സർവ്വേ സൂപ്രണ്ടുമാർ തീർപ്പു കൽപ്പിക്കുന്നതിനും, റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയശേഷം ലഭിക്കുന്ന പരാതികൾ ഒരു മാസത്തെ സർവ്വേ അദാലത്ത് നടത്തി സർവ്വേ സൂപ്രണ്ടുമാർ തീർപ്പുകൽപ്പിക്കുന്നതിനും, അതിനുശേഷം എല്ലാ മാസവും ആദ്യ തിങ്കളാഴ്ച അതേ വില്ലേജിൽത്തന്നെ പരാതികൾ സ്വീകരിക്കുന്നതിനും സംവിധാനമുണ്ട്. എന്നാൽ തുടർച്ചയായി മൂന്നു മാസം പത്തു പരാതികളിൽ താഴെ മാത്രം ലഭിക്കുന്ന വില്ലേജുകളിൽ സർവ്വേ അദാലത്തു നിർത്തി ബന്ധപ്പെട്ട സർവ്വേ സൂപ്രണ്ടാഫീസിൽ പരാതികൾ സ്വീകരിക്കുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly